# പതിമൂന്നാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ )

# മദ്യാസക്തിക്കും മയക്കമരുന്നുപയോഗത്തിനുമെതിരായിവിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/ പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്

2014 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII

# (സാമ്പത്തിക കാര്യങ്ങൾ )

**മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായിവിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്**

997/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 16 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങള്)

## (2013-2016)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ , ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ . കിഷോർ കുമാർ , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

മദ്യാസക്തിയും മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും ഒരു സാമൂഹ്യ വിപത്തായി പരിണമിച്ചിരിക്കുന്ന സാഹചര്യത്തിൽ മദ്യാസക്തി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും ജില്ലാ കളക്ടർമാരുടെയും വിവിധ സർക്കാർ വകുപ്പുകള്, സന്നദ്ധ സംഘടനകൾ എന്നിവയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മദ്യാസക്തിക്കെതിരെ പ്രചരണം ശക്തിപ്പെടുത്തണമെന്ന് 2009-2011 കാലയളവിലെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII തീരുമാനിക്കുകയുണ്ടായി. ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 18-4-2008-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുകയും വിദ്യാലയങ്ങളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ജനങ്ങളെ ആകർഷിക്കാൻ ഉതകുന്ന വിധത്തിലുള്ള പ്രചരണ പരിപാടികൾ ആവിഷ്കരിക്കുന്നതു സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി സമിതി 11-8-2008, 5-10-2009 എന്നീ തീയതികളിൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ യോഗം ചേരുകയുണ്ടായി.

27-11-2012-ൽ ചേർന്ന സമിതിയോഗം മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപഭോഗം ഇല്ലായ്മ ചെയ്യുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണപ്രചരണ പരിപാടികൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും മദ്യാസക്തി പ്രതിരോധിക്കുന്നതിനായി എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്ന പരിപാടികൾ വിലയിരുത്തുകയും ചെയ്തു. മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ മുഖേന ഫലപ്രദമായി നടപ്പിലാക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങള്, മദ്യ/ലഹരി വിരുദ്ധ പ്രവർത്തകര്, സാമൂഹ്യപ്രവർത്തകർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതിനായി പത്രക്കുറിപ്പ് നൽകുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നവരെ ഉൾപ്പെടുത്തി തെളിവെടുപ്പ് നടത്തുന്നതിനും പ്രസ്തുത യോഗം തീരുമാനിക്കുകയുണ്ടായി. സമിതി തീരുമാനപ്രകാരം 5-3-2013-ന് നൽകിയ പത്രക്കുറിപ്പിനെ തുടർന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 6-6-2013-ലെ സമിതിയോഗം ചർച്ച ചെയ്യുകയും പ്രസ്തുത അഭിപ്രായനിർദ്ദേശങ്ങളുടെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കി അതിന്മേലുള്ള വകുപ്പുകളുടെ അഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തു. സമിതി മുൻപാകെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചവരിൽനിന്നും 22-10-2013-ന് സമിതി തെളിവെടുപ്പ് നടത്തി. തെളിവെടുപ്പിൽ ഹാജരായവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പൊതുജനങ്ങളുടെ അഭിപ്രായ/നിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 28-5-2014-ലെ യോഗം ചർച്ച ചെയ്തിരുന്നു. സമിതിയുടെ വിവിധ യോഗങ്ങളിലെ ചർച്ചകളിൽനിന്നും ഉയർന്ന് വന്ന ആശയങ്ങളെ അടിസ്ഥാനമാക്കി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ പരിപാടികൾ സംബന്ധിച്ച ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

2014 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ജൂൺ 30.

കെ. എം. മാണി,
*ചെയർമാൻ ,*
*സബ്ജക്ട് കമ്മിറ്റി VIII.*

# റിപ്പോർട്ട്

രാഷ്ട്രം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ സാമൂഹിക-ആരോഗ്യ പ്രശ്നമാണ് വർദ്ധിച്ചു വരുന്ന മദ്യാസക്തി. രാഷ്ട്ര നിർമ്മാണത്തിൽ ഭാഗഭാക്കാകേണ്ട യുവജനങ്ങളിൽ നല്ലൊരു ഭാഗം മദ്യത്തിനും മയക്കമരുന്നിനും അടിമപ്പെട്ട് ലക്ഷ്യബോധം നഷ്ടപ്പെട്ട അവസ്ഥയിലാണ്. മദ്യത്തിന്റെ ഉത്പാദനവും വിതരണവും ലഭ്യതയും വൻതോതിൽ വർദ്ധിക്കുകയും മദ്യപാനികളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരികയും ചെയ്തതോടെ മദ്യാസക്തി ഒരു സാമൂഹ്യവിപത്തായി മാറി. ഇന്ത്യാക്കാരിൽ 20% പേർ മദ്യപാനികളാണ്. 2015-ഓടെ ഇന്ത്യയിലെ മദ്യ ഉപഭോഗം പ്രതിവർഷം 10000 ദശലക്ഷം ലിറ്റർ ആകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ അംഗീകൃത മദ്യത്തേക്കാൾ വ്യാജമദ്യമാണ് കൂടുതൽ വിറ്റഴിക്കപ്പെടുന്നത് എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണ്ടെത്തൽ .

2. കേരളത്തിൽ മദ്യ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് (16%) പുതിയ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നത്. കേരളത്തിൽ ഒരു വർഷം ആളോഹരി മദ്യ ഉപയോഗം 8.3 ലിറ്റർ ആയി ഉയർന്നു. കഴിഞ്ഞ പത്ത് വർഷത്തിൽ കൗമാരക്കാരിലെ മദ്യപാനം 100 ശതമാനം വർദ്ധിച്ചു. വളരുന്ന ഈ മദ്യസംസ്കാരം കേരളത്തിലെ സാമൂഹിക വ്യവസ്ഥിതിക്ക് ഏൽപ്പിക്കുന്ന ആഘാതം വലുതാണ്. കുടുംബ സാമൂഹ്യ ബന്ധങ്ങളെയും രാജ്യത്തിന്റെ ഉൽപ്പാദനക്ഷമതയേയും സാമ്പത്തിക വളർച്ചയേയും ഗുരുതരമായി ബാധിക്കുന്ന മദ്യാസക്തി, രോഗങ്ങൾ , കടം, കുറ്റകൃത്യങ്ങൾ , വാഹനാപകടങ്ങള്, ഗാർഹികാതിക്രമം, വിവാഹമോചനം, ആത്മഹത്യ, ലൈംഗികാതിക്രമങ്ങൾ , തൊഴിൽ പ്രശ്നങ്ങൾ , കുട്ടികളിലെ പെരുമാറ്റ സ്വഭാവ വൈകല്യങ്ങൾ , കുടുംബബന്ധങ്ങളുടെ തകർച്ച എന്നിങ്ങനെ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്.

3. ഒരു സാമൂഹ്യവിപത്ത് എന്ന നിലയിൽ മദ്യാസക്തി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും ജില്ലാ കളക്ടർമാരുടെയും വിവിധ സർക്കാർ വകുപ്പുകൾ , വിവിധ സന്നദ്ധസംഘടനകൾ എന്നിവയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മദ്യാസക്തിക്കെതിരെ പ്രചരണം ശക്തിപ്പെടുത്തണമെന്ന് 2008-2011 കാലയളവിലെ സബ്ജക്ട് കമ്മിറ്റി VIII തീരുമാനിക്കുകയുണ്ടായി.

4. ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധനയ്ക്കായി 18-4-2008-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. മദ്യാസക്തിക്കെതിരെ പ്രചരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിദ്യാലയങ്ങളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തണമെന്നും ഇതു സംബന്ധിച്ച് രൂപരേഖ തയ്യാറാക്കണമെന്നും ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങളിൽ എം.എൽ .എ.മാർ , എം.പി.മാർ എന്നിവർ ഉൾപ്പെട്ട ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിയോജകമണ്ഡലാടിസ്ഥാനത്തിൽ കമ്മിറ്റികൾ രൂപീകരിക്കണമെന്നും സിനിമ, ഹ്രസ്വചിത്രം തുടങ്ങിയ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തണമെന്നും, സ്ത്രീകളുടെ പങ്കാളിത്തം കൂടി ഇത്തരം ശ്രമങ്ങളിൽ ഉൾപ്പെടുത്തിയാൽ കൂടുതൽ ഫലപ്രദമാകുമെന്നും സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

5. 'കാംപെയ്ൻ ' എന്ന സ്ഥിരം സംവിധാനത്തിൽ നിന്നും മാറി ജനങ്ങളെ ആകർഷിക്കാൻ തക്ക വിധത്തിലുള്ള പ്രചരണം സംഘടിപ്പിക്കുന്നതിനായും മദ്യാസക്തിക്കെതിരായുള്ള പ്രചരണം സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽവച്ച് യഥാക്രമം 11-8-2008, 5-10-2009 എന്നീ തീയതികളിൽ സമിതി യോഗം ചേർന്നു.

6. മദ്യാസക്തിക്കെതിരെ പ്രചരണം സംഘടിപ്പിക്കുന്നതിനും വ്യാജമദ്യത്തിന്റെ ഉൽപ്പാദനത്തിനും വിപണനത്തിനുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് മദ്യാസക്തിമൂലമുണ്ടാകുന്ന വിപത്ത് പരമാവധി ലഘൂകരിക്കാൻ ഉപയുക്തമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനുമായി 11-8-2008-ന് എറണാകുളത്ത് ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർമാർ , നികുതി വകുപ്പ് സെക്രട്ടറി, എക്സൈസ് കമ്മീഷണർ , കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ എം.ഡി. എന്നിവരുമായി സമിതി ചർച്ച നടത്തുകയുണ്ടായി.

7. മദ്യാസക്തി ഒരു സാമൂഹ്യവിപത്ത് എന്ന നിലയിൽ വീക്ഷിച്ച്, ഇത് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാ കളക്ടർമാർ കൂടുതൽ സമയം ചെലവഴിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. മദ്യാസക്തിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ നിലപാടിന് ഏറെ പ്രാധാന്യമുണ്ട്. നടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ജനപ്രതിനിധികളുടെയും കുടുംബശ്രീ, ഇതര സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടുകൂടി നടപടികൾ മുന്നോട്ട് കൊണ്ടുപോകണമെന്നും സമിതി നിർദ്ദേശിച്ചു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ശക്തവും നൂതനവുമായ ബോധവൽക്കരണം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

8. 5-10-2009-ൽ സമിതി കോഴിക്കോട് യോഗം ചേരുകയും മദ്യാസക്തിക്കെതിരെ സർക്കാർ നടപ്പിലാക്കിയ പ്രധാനകാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

9. മദ്യാസക്തി തടയുന്നത് സംബന്ധിച്ച സമിതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2008-09 വർഷത്തെ ഗാന്ധിജയന്തി വാരാചരണകാലം മദ്യ-മയക്കുമരുന്നു വിരുദ്ധവാരമായി ആചരിച്ചുവെന്നും എല്ലാ ജില്ലകളിലും മദ്യ-മയക്കുമരുന്നു വിരുദ്ധ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനായി, 2009 ഫെബ്രുവരി 11 മുതൽ 24 വരെ സർക്കാർ തലത്തിൽ ഒരു ക്യാമ്പെയ്ൻ സംഘടിപ്പിച്ചുവെന്നും പ്രശസ്ത മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്തിൽ 'stop sad' എന്ന പേരിൽ ഒരു സോദ്ദേശ ജാലവിദ്യാപ്രകടനവും തെരുവുനാടകവും സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും നടത്തിയെന്നും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമായ ഫണ്ടിൽ നിന്നും 11,30,000 രൂപ 2008-09 സാമ്പത്തികവർഷത്തിൽ വിനിയോഗിച്ചുവെന്നും മദ്യ മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾക്കായി അഞ്ച് തലങ്ങളുള്ള കമ്മിറ്റി രൂപീകരിക്കുകയും കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റി 55 യോഗങ്ങളും നിയോജകമണ്ഡലം കമ്മിറ്റി 210 യോഗങ്ങളും പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള പഞ്ചായത്തുതല കമ്മിറ്റികൾ 1076 യോഗങ്ങളും ചേർന്നുവെന്നും എല്ലാ സ്ഥലങ്ങളിലും എൻ .ജി.ഒ.മാർ

പങ്കെടുത്തുവെന്നും സ്കൂൾ -കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ, ഉപന്യാസരചനാ മത്സരങ്ങൾ നടത്തിയെന്നും ചർച്ചാക്ലാസ്സുകൾ , തെരുവ് നാടകങ്ങൾ , പഞ്ചായത്തുതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചതായും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ദൂഷ്യവശങ്ങൾ പ്രതിപാദിക്കുന്ന പാഠഭാഗങ്ങൾ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ .ടി. ഏഴാം ക്ലാസ്സ് പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയെന്നും മദ്യാസക്തിക്കെതിരായ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ അരമണിക്കൂർ ദൈർഘ്യമുള്ള 'ദുരന്തലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിച്ചുവെന്നും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

10. കോഴിക്കോട് ജില്ലയിൽ മദ്യാസക്തിക്കെതിരായുള്ള ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീ. ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോയും തെരുവുനാടകവും ജില്ലയിലെ 32 കേന്ദ്രങ്ങളിലായി നടത്തിയെന്നും, സ്കൂളുകൾ , കോളേജുകൾ എന്നിവിടങ്ങളിൽ മദ്യപാനത്തിന്റെയും പാൻപരാഗ് പോലുള്ള ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങൾ പ്രതിപാദിക്കുന്ന ഡോക്യുമെന്ററി ഫിലിം പ്രദർശിപ്പിക്കുന്നതിന് നടപടിയെടുക്കുമെന്നും ആദിവാസികളെ ഉപയോഗിച്ച് വ്യാജവാറ്റ് നടത്തുന്ന കേസ്സുകളിൽ വാറ്റുന്ന സ്ഥലത്തിന്റെ ഉടമയെ കൂടി കേസ്സിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്നത് പരിശോധിക്കുമെന്നും പാൻപരാഗ് വില്പന നടത്തിയ തട്ടുകടകളിൽ നിന്നും അവ പിടിച്ചെടുത്തുവെന്നും മദ്യമയക്കമരുന്ന് വില്പന രംഗത്തുള്ള 12 പേരെ ജില്ലയിൽ ഗുണ്ടാലിസ്റ്റിൽപ്പെടുത്തി പിടിച്ചുവെന്നും കോഴിക്കോട് ജില്ലാകളക്ടർ സമിതിയെ അറിയിച്ചു.

11. മദ്യ-മയക്കമരുന്ന് വ്യാപനം തടയുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ തീരപ്രദേശത്ത് ബോട്ടുകളിൽ പരിശോധനകൾ നടത്തിയെന്നും കൂടാതെ ജില്ലയിലെ പട്ടികജാതി കോളനികളിൽ നിരീക്ഷണം ശക്തമാക്കിയെന്നും കണ്ണൂർ ജില്ലാകളക്ടർ സമിതിയെ അറിയിച്ചു. സ്കൂളുകൾ കേന്ദ്രീകരിച്ച് വിൽക്കപ്പെടുന്ന ലഹരി കലർന്ന മിഠായികള്, ഗുളികകൾ , പശകൾ എന്നിവ വിപണനം ചെയ്യുന്ന കടകൾ നീക്കം ചെയ്യണമെന്നും വീടുകളിലെ സുരക്ഷിതത്വത്തിൽ കഴിയുന്ന കുട്ടികൾ , പകൽ സമയം വീടിനു പുറത്ത് ചെലവഴിക്കുമ്പോൾ അവിടെ അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുമെന്നും മദ്യവിരുദ്ധ പ്രചരണം വാർഡ്തലം മുതൽ തുടങ്ങുമെന്നും കുടുംബശ്രീ പോലെയുള്ള സംഘടനകളെക്കൂടി പങ്കെടുപ്പിച്ച് ബോധവൽക്കരണപരിപാടികൾ ശക്തമാക്കുമെന്നും കളക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

12. മലപ്പുറം ജില്ലയിൽ മദ്യത്തിനും മയക്കമരുന്നിനുമെതിരെ ബോധവൽക്കരണം, സെമിനാറുകള്, ഉപന്യാസമത്സരം, ലഹരിവിരുദ്ധ ബോധവൽക്കരണ ചർച്ചാക്ലാസ്സുകള്, ചിത്രപ്രദർശനം, കാർട്ടൂണ്, വീഡിയോ പ്രദർശനം, ചിത്രരചനാമത്സരം തുടങ്ങിയവ നടത്തിയതായും, മദ്യത്തിന്റെ ദൂഷ്യവശങ്ങൾ സൂചിപ്പിക്കുന്ന തെരുവ് നാടകങ്ങൾ നടത്തുന്നതിനുപുറമേ ഒരു ഡി-അഡിക്ഷൻ ക്യാമ്പും, പട്ടികവർഗ്ഗ കോളനികളിൽ മയക്കമരുന്നിനെതിരായ വീഡിയോ പ്രദർശനവും നടത്താൻ പദ്ധതിയിട്ടിരുന്നതായും മലപ്പുറം ഡെപ്യൂട്ടി കളക്ടർ സമിതിയെ അറിയിച്ചു.

13. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കണക്കുപ്രകാരം പ്രതിവർഷ ആളോഹരി മദ്യ ഉപഭോഗം 1,700 രൂപയുടേതാണെന്നും കേരളത്തിൽ പതിനെട്ട് വയസ്സിൽ താഴെയുള്ളവരുടെ മദ്യപാനം വളരെ കൂടുതലാണെന്നും ഇത് തടയുന്നതിന് സ്കൂൾ പി.ടി.എ.കളുടെ സഹകരണത്തോടുകൂടി പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ വിശദീകരിക്കുന്ന ക്വിസ് പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

14. യോഗത്തിൽ ലഭിച്ച നിർദ്ദേശങ്ങളിൽ , സർക്കാർതലത്തിൽ ലഹരിവിമുക്ത കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുന്ന കാര്യം, ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി ചർച്ച ചെയ്യാമെന്നും സാമൂഹ്യബോധവൽക്കരണ പരിപാടികളുടെ ഭാഗമായി തെരുവുനാടകങ്ങൾ സംസ്ഥാനതലത്തിൽ പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കാമെന്നും മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ പ്രദർശിപ്പിക്കുന്ന ഡോക്യുമെന്ററി ഫിലിം നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്നും ബോധവൽക്കരണത്തോടൊപ്പം എൻഫോഴ്സ്മെന്റ് നടപടി ത്വരിതപ്പെടുത്തുമെന്നും അനധികൃത മദ്യവ്യാപാരംവഴി ഇടത്തട്ടുകാർ വൻതുക കൈക്കലാക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമെന്നും ഡി.പി.ഐ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ , കുടുംബശ്രീ ഡയറക്ടർ, ആരോഗ്യ കുടുംബക്ഷേമം, ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, നികുതി, റവന്യൂ, എക്സൈസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുമെന്നും സമിതി തീരുമാനിച്ചു.

15. 27-11-2012-ലെ സമിതിയോഗം മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപഭോഗം ഇല്ലായ്മ ചെയ്യുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്തു. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തി ഗുരുതരമായ സാമൂഹ്യപ്രശ്നങ്ങൾക്ക് ഹേതുവാകുന്നത് വളരെ ഗൗരവത്തോടെയാണ് സർക്കാർ വീക്ഷിക്കുന്നതെന്നും മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പരിമിതപ്പെടുത്തി മദ്യവർജ്ജനം പ്രാവർത്തികമാക്കുകയാണ് സർക്കാർ നയമെന്നും എക്സൈസ് വകുപ്പിനെ ഒരു വരുമാന സ്രോതസ്സായി കാണാതെ സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സംവിധാനമാക്കി രൂപാന്തരം വരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചതായും സമിതി വിലയിരുത്തി. തുടർന്ന് മദ്യാസക്തി പ്രതിരോധിക്കുന്നതിനായി സർക്കാർ സ്വീകരിച്ച താഴെപ്പറയുന്ന നടപടികൾ സമിതിയിൽ വിശദീകരിക്കപ്പെട്ടു:

(1) മദ്യാസക്തിക്കെതിരായി ശക്തമായ ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തി പുതിയ തലമുറയെ മദ്യ/മയക്കുമരുന്നുകളുടെ ഉപഭോഗത്തിലേക്ക് വഴുതിവീഴാതെ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകുന്നു.

(2) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി 306 ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകുകയും കൂടുതൽ ക്ലബ്ബുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(3) ലോക ലഹരിവിരുദ്ധ ദിനമായ ജൂൺ 26-ന് സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വിപുലമായ തോതിൽ സെമിനാറുകളും/ ചർച്ചകളും സംഘടിപ്പിച്ചുവരുന്നു.

(4) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 400 മീറ്റർ ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(5) പാൻമസാല തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്ത് വിൽക്കുന്നത് നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(6) മദ്യപാനാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്ന് 21 ആയി ഉയർത്തി.

(7) പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് നിലവിലുണ്ടായിരുന്ന 27.1 ലിറ്ററിൽ നിന്ന് 15 ലിറ്ററായി നിജപ്പെടുത്തി.

(8) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സർക്കാരിതര സംഘടനകൾ നടത്തുന്ന ഡി-അഡിക്ഷൻ സെന്ററുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിച്ചു.

(9) മദ്യവിരുദ്ധ ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ 20 ലക്ഷം രൂപ 2 കോടി രൂപയായി ഉയർത്തി.

(10) ദൃശ്യ മാധ്യമം, സിനിമ എന്നിവയിൽ മദ്യപാനരംഗങ്ങൾക്കൊപ്പം നിയമപരമായി മുന്നറിയിപ്പ് പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ കൊണ്ടുവന്നു.

(11) മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ജനകീയ സമിതികൾ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു.

(12) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പ്രവർത്തനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ വൻതോതിൽ സംഘടിപ്പിച്ചുവരുന്നു.

(13) ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മദ്യനിരോധന സമിതിക്ക് സാമ്പത്തിക സഹായം നൽകി.

16. മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ മുഖേന ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങൾ മദ്യ/ലഹരി വിരുദ്ധ പ്രവർത്തകർ , സാമൂഹ്യപ്രവർത്തകർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തി തെളിവെടുപ്പ് നടത്തുന്നതിനും പ്രസ്തുത യോഗത്തിൽ സമിതി തീരുമാനിച്ചു. സമിതി തീരുമാനപ്രകാരം 5-3-2013-ന് നൽകിയ പത്രക്കുറിപ്പിനെ തുടർന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 6-6-2013-ലെ സമിതി

യോഗം ചർച്ച ചെയ്തു. പൊതുജനങ്ങളുടെ അഭിപ്രായങ്ങളിൽ ചിലത് എക്സൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടെന്നും ചിലത് അപ്രായോഗികമാണെന്നും അഭിപ്രായപ്പെട്ട സമിതി പൊതുജനങ്ങളിൽ നിന്ന് ലഭിച്ച അഭിപ്രായ/നിർദ്ദേശങ്ങളുടെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കി അതിന്മേലുള്ള വകുപ്പുകളുടെ അഭിപ്രായം ആരായാൻ തീരുമാനിക്കുകയുണ്ടായി.

17. മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി മുൻപാകെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചവരിൽ നിന്നും സമിതി 22-10-2013-ന് തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങളുടെ അഭിപ്രായ/നിർദ്ദേശങ്ങളിന്മേലുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സമിതിയുടെ വിവിധ യോഗങ്ങളിലെ ചർച്ചകളിൽ നിന്നും ഉയർന്നു വന്ന ആശയങ്ങളും അഭിപ്രായങ്ങളും അടിസ്ഥാനമാക്കിയുള്ള നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

## നികുതി വകുപ്പ്

18. മദ്യാസക്തിക്കെതിരായ ബോധവൽക്കരണപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ടെന്ന സന്ദേശമാണ് മദ്യ ഉപഭോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവ് കാണിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രധാനമായും വിദ്യാലയങ്ങളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ച് ജനകീയ ബോധവൽക്കരണം നടത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങളിൽ എം.എൽ . എ.മാർ , എം.പി.മാർ , ഡെപ്യൂട്ടി എക്സൈസ് കമ്മീഷണര്, ജില്ലാ കളക്ടർ , ത്രിതല പഞ്ചായത്ത് അംഗങ്ങൾ , കുടുംബശ്രീ അംഗങ്ങൾ , എന്.ജി.ഒ.കൾ , റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികള്, പി.റ്റി.എ. ഭാരവാഹികൾ , സാമൂഹ്യനീതി വകുപ്പ് , ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രതിനിധികള്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കണമെന്നും ബോധവത്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ഇത്തരം കമ്മിറ്റികൾ വഴി മാത്രം ചെലവഴിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഒരു സാമൂഹ്യ വിപത്ത് എന്ന നിലയിൽ മദ്യാസക്തിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥർ പ്രധാന പങ്കാണ് വഹിക്കുന്നതെന്നും ഇത് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാകളക്ടർമാർ കൂടുതൽ സമയം ചെലവഴിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ എക്സൈസ്, ആരോഗ്യം, റവന്യൂ, പോലീസ് ഉദ്യോഗസ്ഥർ , അധ്യാപകർ , വാർഡ് മെമ്പർമാർ , കുടുംബശ്രീ പ്രവർത്തകർ , വ്യാപാര സംഘടനാ പ്രതിനിധികൾ , സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

20. വ്യാജമദ്യത്തിന്റെ ഉത്പാദനവും ഉപഭോഗവും വർദ്ധിക്കുന്നത്, പൊതുജനാരോഗ്യത്തെയും, സംസ്ഥാനത്തിന്റെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നതിന് കാരണമാകുന്നു. വ്യാജമദ്യം കർശനമായി തടയുവാൻ എക്സൈസ് വകുപ്പിന്റെ റെയ്ഡുകൾ ശക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. വ്യാജമദ്യ കേന്ദ്രങ്ങളിൽ റെയ്ഡിന് എത്തുന്നതിന് മുൻപ് തന്നെ റെയ്ഡ് വിവരം വിപണനക്കാർക്ക് ചോർത്തിക്കൊടുക്കുന്നതിന് ഉദ്യോഗസ്ഥർക്കിടയിൽ തന്നെ ചിലർ പ്രവർത്തിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും, വ്യാജമദ്യം സംബന്ധിച്ച് എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് വിവരം നൽകുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. റവന്യൂ, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സംസ്ഥാനത്ത് വ്യാജമദ്യമാഫിയകളെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. പൊതുജനങ്ങൾക്ക് ഏത് സമയത്തും എക്സൈസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകുന്നതിനും മദ്യ-മയക്കുമരുന്ന് റാക്കറ്റുകളെക്കുറിച്ചും മയക്കുമരുന്ന് കള്ളക്കടത്തിനെക്കുറിച്ചുമുള്ള വിവരങ്ങൾ നൽകുന്നതിനും പൊതുവായ ടോൾഫ്രീ ടെലിഫോൺ നമ്പർ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യക്തികൾക്കും സംഘടനകൾക്കും പാരിതോഷികങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ഓരോ വർഷവും സർക്കാർ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക മുൻവർഷത്തേക്കാൾ 50% വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും വർദ്ധിച്ച് വരുന്നതിനാൽ "മദ്യവും മയക്കുമരുന്നും ആരോഗ്യത്തിന് ഹാനികരം" എന്ന മുന്നറിയിപ്പ് വാചകം മാറ്റി "മദ്യവും മയക്കുമരുന്നും മരണത്തിലേക്ക് നയിക്കും" എന്ന മുന്നറിയിപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. വിദേശ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മയക്കുമരുന്നുകൾ എത്തുന്നത് തടയുന്നതിനായി വിമാനത്താവളങ്ങള്, തുറമുഖങ്ങള്, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഏറ്റവും ഫലപ്രദമായ രീതിയിൽ മദ്യലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സന്നദ്ധ സാമൂഹ്യ സംഘടനകൾക്കും റെസിഡന്റ്സ് അസോസിയേഷനുകൾക്കും സർക്കാർ തലത്തിൽ അവാർഡുകൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. വ്യാജവാറ്റ്, വ്യാജമദ്യ നിർമ്മാണം എന്നിവ തടയുന്നതിന് ശ്രമിക്കുന്ന സന്നദ്ധസംഘടനകൾക്ക് സഹായം ലഭ്യമാക്കണമെന്നും, എക്സൈസ് വകുപ്പിലെ കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കാൻ വിജിലൻസ് ഓഫീസർമാരെക്കൊണ്ടോ റവന്യൂ ഡിവിഷണൽ ഓഫീസർമാരെക്കൊണ്ടോ അന്വേഷിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28. എല്ലാ എക്സൈസ് റേഞ്ച് ഓഫീസുകൾക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി വാഹനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## സാംസ്കാരികകാര്യ വകുപ്പ്

29. സിനിമാപ്രദർശനത്തിലൂടെയുള്ള മദ്യലഹരിവിരുദ്ധ പ്രചരണം വളരെ ഫലപ്രദമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ മദ്യ-ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന മാരകരോഗങ്ങൾ പ്രതിപാദിക്കുന്ന സിനിമ, ഡോക്യുമെന്ററി ഫിലിം തുടങ്ങിയവ നിർമ്മിക്കുകയും അവ സ്കൂളുകൾ , കോളേജുകൾ , സാമൂഹ്യസ്ഥാപനങ്ങൾ , പൊതുസ്ഥലങ്ങൾ , സിനിമാ തിയേറ്ററുകൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുവാനും മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെടുന്നതുകൊണ്ടുളവാകുന്ന ശാരീരിക, മാനസിക, ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾ വിശദമാക്കി ഡോക്ടർമാർ , മനോരോഗ വിദഗ്ദ്ധർ , മദ്യ/ലഹരി വിമുക്തി നേടിയവർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലഘുപരസ്യചിത്രങ്ങൾ നിർമ്മിക്കുകയും അവ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പീക്ക് ടൈമിൽ സംപ്രേഷണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. മദ്യപിക്കുന്ന രംഗങ്ങൾ സിനിമ, ടെലിവിഷൻ പരിപാടികളിൽ നിന്നും കഴിവതും ഒഴിവാക്കുന്നതിനുള്ള ഒരു സാംസ്കാരിക നയം രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനായി സാമൂഹ്യപ്രതിബദ്ധതയുള്ള സംവിധായകര്, നിർമ്മാതാക്കള്, അഭിനേതാക്കള്, തിരക്കഥാകൃത്തുകൾ എന്നിവരുടെ സംയുക്ത യോഗം മന്ത്രിതലത്തിൽ സംഘടിപ്പിച്ച് അഭിപ്രായരൂപീകരണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

31. കേരളത്തിലെ എല്ലാ പൊതു/സ്വകാര്യ സിനിമാ തിയേറ്ററുകളിലും മദ്യ-ലഹരി ഉപയോഗത്തിന്റെ അപകടസാധ്യത വിവരിക്കുന്ന സ്ലൈഡുകൾ പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. സ്വകാര്യ/പൊതുമേഖല തിയേറ്ററുകളിൽ നിന്നും മദ്യപാനം സംബന്ധിച്ചുള്ള പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട പോലീസ് അധികാരികൾ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

33. മദ്യം, മയക്കുമരുന്ന് എന്നീ ലഹരിവസ്തുക്കൾക്കെതിരെയുള്ള പരസ്യങ്ങൾ സർക്കാർ വാഹനങ്ങളിലും തീവണ്ടികളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. മദ്യത്തിന്റെ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള പരസ്യം നിരോധിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

35. ചലച്ചിത്രഅക്കാദമിയുടെ ആഭിമുഖ്യത്തിൽ സിനിമാ സംഘടനകളുമായി സഹകരിച്ച് മദ്യാസക്തിക്കെതിരായ സെമിനാറുകള്, സിമ്പോസിയങ്ങള്, സിനിമാ സ്ക്രീനിംഗ് എന്നീ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. മദ്യപാനത്തെ സാമൂഹികതിന്മയായി ചിത്രീകരിച്ചുകൊണ്ടുള്ള കർമ്മപരിപാടികൾ മതനേതാക്കളെയും സാംസ്കാരിക നായകന്മാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ആവിഷ്കരിക്കുന്നതിനായി കേരള സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. സംസ്ഥാനത്ത് പ്രചുരപ്രചാരമാർജ്ജിച്ചുകൊണ്ടിരിക്കുന്ന എഫ്.എം. റേഡിയോകള്/ സോഷ്യൽ മീഡിയകൾ വഴി മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രചരണം ആവിഷ്കരിച്ച് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യവശങ്ങൾ പുതിയ തലമുറയെ ബോധ്യപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള പ്രചരണ പരിപാടികൾ സാംസ്കാരിക വകുപ്പും എക്സൈസ് വകുപ്പും ചേർന്ന് ആവിഷ്കരിക്കണമെന്നും അവ കേരളത്തിലെ എല്ലാ വായനശാലകളെയും ബന്ധിപ്പിച്ചുകൊണ്ട് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## വിദ്യാഭ്യാസ വകുപ്പ്

39. കേരളത്തിൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 1980-ൽ 19 വയസ്സായിരുന്നതിൽ നിന്നും ഇപ്പോൾ 13 വയസ്സിൽ എത്തി നിൽക്കുന്നത് ആശങ്ക ഉയർത്തുന്നു. ഭാവിതലമുറ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തിയിലേക്ക് വഴുതി വീഴുന്നത് തടയേണ്ടത് അനിവാര്യമായതിനാൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മദ്യാസക്തി വർദ്ധിക്കുന്നത് തടയുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഒരു മാർഗ്ഗരേഖയുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാര്/എയ്ഡഡ് സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങള്, സാമ്പത്തിക ബാധ്യതകള്, കുടുംബപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ചാ ക്ലാസ്സുകള്, ഫോട്ടോപ്രദർശനം, ലഘുലേഖകൾ വിതരണം ചെയ്യല്, ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കല്, മാജിക് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കണമെന്നും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ ഇല്ലായ്മ ചെയ്യുന്നതിന് മദ്യവിരുദ്ധ സംഘടനകള്, കൗൺസിലേഴ്സ്, ചൈൽഡ് സൈക്യാട്രി രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരുടെ അഭിപ്രായം ആരായണമെന്നും സ്കൂൾ അസംബ്ലി സമയം മദ്യവിരുദ്ധ ബോധവൽക്കരണത്തിനുകൂടി ഉപയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. മദ്യ/ലഹരിമരുന്നുകളുടെ ഉപഭോഗത്തിനെതിരായ ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന പാഠഭാഗങ്ങൾ പ്രൈമറി സ്കൂൾ തലം മുതൽ കോളേജ്തലം വരെയുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. കോളേജ് വിദ്യർത്ഥികൾക്കിടയിൽ മദ്യ/മയക്കമരുന്നിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സെമിനാറുകള്, ചർച്ചകള്, പ്രസംഗ മത്സരങ്ങള്, ഉപന്യാസ മത്സരങ്ങള്, ഫോട്ടോ പ്രദർശനം, പോസ്റ്റർ രചന, വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഘുനാടകങ്ങള്, കലാജാഥകൾ എന്നിവ നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. സ്കൂളുകളിൽ അദ്ധ്യയന സമയത്തിനിടയ്ക്ക് കുട്ടികൾ അനുവാദമില്ലാതെ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് പോകുന്നതും സ്കൂൾ കോമ്പൗണ്ടിലെ ഒഴിഞ്ഞ സ്ഥലങ്ങളിൽ കൂട്ടുകൂടുന്നതും തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വനം വന്യജീവി വകുപ്പ്

43. ഇടുക്കി, കോഴിക്കോട്, പത്തനംതിട്ട, വയനാട് തുടങ്ങിയ ജില്ലകളിലെ വനമേഖലകളിൽ കഞ്ചാവ് കൃഷിയും, വ്യാജവാറ്റും നടക്കുന്നതായി റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. കഞ്ചാവ് തോട്ടങ്ങൾ നശിപ്പിക്കുന്നതിനും, വ്യാജവാറ്റ് തടയുന്നതിനുമായി വനം-വന്യജീവി, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ ശക്തിപ്പെടുത്തണമെന്നും, ഇവയുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

44. മദ്യപരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെക്കൊണ്ടുവരുന്നതിന് അംഗീകൃത ഡി-അഡിക്ഷൻ സെന്ററുകളിൽ സൗജന്യചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാക്കണമെന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾക്ക് സർക്കാർ ധനസഹായം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

45. സൗജന്യ ഡി-അഡിക്ഷന്/മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് എന്.ആര്.എച്ച്.എം. ഫണ്ടും അവരുടെ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുന്നതിനും, ജില്ലാ അടിസ്ഥാനത്തിൽ ഇത്തരം പ്രൊജക്ടുകൾ പ്രാവർത്തികമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെയും സഹകരണം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. മദ്യാസക്തരെയും മദ്യവിമുക്തി നേടിയവരെയും സാധാരണ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരുന്നതിന് പ്രചരണത്തിനുപരിയായി മെഡിക്കൽ കോളേജുകളിലെ മനഃശാസ്ത്ര വിഭാഗത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

47. പ്ലസ് ടു തലം വരെ എല്ലാ സ്കൂളുകളിലും ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഭ്യമാക്കുന്നതിനും എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക്, ജില്ലാ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ഡി-അഡിക്ഷൻ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. ചില ആയുർവേദ/അലോപ്പതി മരുന്നുകളോടൊപ്പം മദ്യ/ലഹരി വസ്തുക്കൾ കലർത്തി വിൽപ്പന നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനും വിപണനം തടയുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പ്

49. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മദ്യ/ലഹരിമരുന്നുകൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്കിടയിൽ മദ്യ/മയക്കമരുന്ന് വിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾക്കുമായി പ്രത്യേക പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആവിഷ്കരിച്ച് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഷിക പദ്ധതികളിൽ ഉൾക്കൊള്ളിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

50. സമൂഹത്തെ മദ്യലഹരിയിൽ നിന്നും വിമുക്തരാക്കുന്നതിന് കലാ-സാംസ്കാരിക/ സിനിമാ നായകന്മാരെയും ആരോഗ്യപ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണക്ലാസ്സുകൾ പഞ്ചായത്ത്/നഗരസഭാതലത്തിൽ നടത്തുവാനും, ഗ്രാമപഞ്ചായത്തുകളിൽ ചേരുന്ന ഗ്രാമസഭായോഗങ്ങളിലും നഗരസഭകളിലെ വാർഡുതല യോഗങ്ങളിലും മദ്യത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താനും സമിതി നിർദ്ദേശിക്കുന്നു.

51. ലഹരിവസ്തുക്കളുടെ വില്പന നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തണമെന്നും, ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

52. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലൈസൻസ് ഇല്ലാത്ത കടകളോ, പെട്ടിക്കടകളോ, വഴിയോര കച്ചവടക്കാരോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

53. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കടകളിൽ 'ഇവിടെ മദ്യ-ലഹരി വസ്തുക്കൾ വിൽക്കപ്പെടുന്നതല്ല' എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. നാട്ടിൻപുറങ്ങളിൽ ചാരായംവാറ്റ് /വ്യാജമദ്യം നിർമ്മിച്ച് ജീവിക്കുന്നവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാധാരണക്കാരാണെന്നത് കണക്കിലെടുത്ത് അവർക്ക് ജീവിക്കാനാവശ്യമായ തൊഴിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഉറപ്പാക്കി അവരെ വ്യാജമദ്യനിർമ്മാണത്തിൽ നിന്നും പിന്തിരിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗതാഗത വകുപ്പ്

55. രാത്രികാലങ്ങളിൽ വാഹന പരിശോധന കർശനമാക്കുവാനും, മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുവാനും, ഓടിച്ച വാഹനം കണ്ട് കെട്ടാനും, പിഴ ഈടാക്കാനും കേന്ദ്ര മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും ശക്തമായ വ്യവസ്ഥകൾ [ആക്ട് സെക്ഷൻ 19, 185; ചട്ടം 21, 21(16)] നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ശക്തിപ്പെടുത്തണമെന്നും ആൽക്കോമീറ്റർ/ഇന്റർസെപ്റ്റർ ഉപയോഗിച്ചുള്ള പരിശോധന നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശകൾ

56. മദ്യ/ലഹരി വിരുദ്ധ നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും, പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയോജകമണ്ഡല അടിസ്ഥാനത്തിൽ നിയമസഭാംഗങ്ങൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. കുടുംബശ്രീ, മറ്റ് അയൽക്കൂട്ട സംവിധാനങ്ങൾ എന്നിവ മുഖേന മദ്യമയക്കുമരുന്ന് അടിമകളായവരെയും ഗൃഹാന്തരീക്ഷത്തിലും പൊതുസ്ഥലങ്ങളിലും ശല്യക്കാരും അക്രമികളായും തീരുന്നവരെയും കണ്ടെത്തി ആരോഗ്യകേന്ദ്രങ്ങളിൽ എത്തിക്കാനും സാമൂഹ്യ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ തുടർ ചികിത്സ നടപ്പിലാക്കാനുമുള്ള പദ്ധതി രൂപകൽപന ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. മദ്യത്തിന് പകരം ഇളനീരിന്റെ മഹത്വം ജനങ്ങളെ അറിയിക്കുന്നതിനും ലഹരി രഹിത പാനീയമായ 'നീര' പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വീര്യം കൂടിയ മദ്യത്തിന്റെ വില്പന നിരുത്സാഹപ്പെടുത്തുന്നതിന് വീര്യം കുറഞ്ഞ മദ്യം ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വൈനിന്റെയും ബിയറിന്റെയും നികുതി കുറയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

59. പൊതുസ്ഥലങ്ങൾ , ബസ്, ട്രെയിൻ , എന്നിവിടങ്ങളിൽ ഇരുന്ന് മദ്യപിച്ച് പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും ശിക്ഷാനടപടികൾ വർദ്ധിപ്പിക്കാനും പോലീസ് ആക്ടിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഓഫീസ് സമയത്ത് മദ്യപിച്ചെത്തുന്ന സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതലത്തിൽ ശിക്ഷാ നടപടികൾ കർശനമായി എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. കേരളത്തിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, കശുമാങ്ങ എന്നിവയിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പഠിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. കുറഞ്ഞ അളവിൽ ലഹരി വസ്തുക്കൾ കൈവശം വയ്ക്കുന്നവർക്ക് NDPS ആക്ട് പ്രകാരം കുറഞ്ഞ ശിക്ഷയാണ് ഇപ്പോൾ ലഭിക്കുന്നത്. ഈ പഴുത് ഉപയോഗപ്പെടുത്തി കുറ്റക്കാർ രക്ഷപ്പെടുന്നത് ഒഴിവാക്കുവാൻ ബന്ധപ്പെട്ട നിയമം ഭേദഗതി വരുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. കുട്ടികളെ ലഹരിയിലേക്ക് ആകർഷിക്കുന്ന മിഠായികളും പാൻപരാഗ്, പാൻമസാലകള്, ഗുളികകള്, പശകൾപോലുള്ളവയുടെ ഉപയോഗം യുവതലമുറയിൽ പ്രത്യേകിച്ച് സ്കൂൾകുട്ടികളുടെ ഇടയിൽ വർദ്ധിച്ച് വരുന്നത് തടയാൻ ഇവയുടെ വിൽപ്പന നിരോധിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തി ഗുണഫലം വിലയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും ഉൾപ്പെടെ പൊതു സമൂഹത്തിൽ വളരെ വേഗത്തിൽ മദ്യാസക്തി വർദ്ധിച്ച് വരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. മദ്യാസക്തി വർദ്ധിച്ച് വരുന്നതിന്റെ കാരണം, മദ്യപാനം മൂലമുണ്ടാകുന്ന മാനസിക-ആരോഗ്യപ്രശ്നങ്ങള്, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

65. എഫ്. എൽ 1 ഷോപ്പുകളും, ബാറുകളും ഇല്ലാത്ത ഒന്നോ രണ്ടോ ഗ്രാമ പഞ്ചായത്തുകളെ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് മദ്യാസക്തിക്കെതിരെ, എന്.ജി.ഒ കളുടെ സഹകരണത്തോടെ ബോധവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. 'ദൈവത്തിന്റെ സ്വന്തം നാട് ' 'മദ്യപരുടെ സ്വന്തം നാട് ' ആയി മാറിക്കൊണ്ടിരിക്കുകയാണ്. മദ്യത്തിന്റെ ഉത്പാദനവും വിപണനവും കർശനമായി നിയന്ത്രിച്ച് മദ്യത്തിന്റെ ലഭ്യത കുറയ്ക്കുകയാണ് കുറേക്കൂടി മെച്ചമായ പരിഹാരമെന്ന് സമിതി മനസ്സിലാക്കുന്നു. മദ്യം കഴിക്കുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും ലൈസൻസ് എടുത്തിരിക്കണമെന്ന വ്യവസ്ഥയോടുകൂടി അവർക്ക് നിശ്ചിത അളവ് മദ്യം ഉപഭോഗവസ്തുക്കൾക്ക് ചുമത്തുന്ന നികുതി ചുമത്തി ലഭ്യമാക്കുന്ന സംവിധാനവും ഇതിനായി തിരിച്ചറിയൽ കാർഡും മാസവരുമാനം തെളിയിക്കുന്ന രേഖകളും നിർബന്ധമാക്കണമെന്ന വ്യവസ്ഥയുടെയും പ്രായോഗിക സാധ്യത പരിശോധിക്കേണ്ടതാണ്. താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ അധ്വാനശീലവും സമ്പാദ്യ സംസ്കാരവും പ്രോത്സാഹിപ്പിക്കുവാൻ സഹായിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി നിർബന്ധമായും ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

67. ബി.എസ്.എൻ .എൽ /സ്വകാര്യ ടെലിഫോൺ കമ്പനികൾ തുടങ്ങിയവയുടെ സഹകരണത്തോടെ വിശേഷ ദിവസങ്ങളിൽ ലാൻഡ് ഫോൺ/മൊബൈൽ ഫോൺ എന്നിവയിലൂടെ മദ്യവിരുദ്ധ പ്രചരണത്തിനുതകുന്ന ലഘുസന്ദേശങ്ങൾ പ്രചരിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. റെയിൽവേ സ്റ്റേഷനുകൾ , ബസ് സ്റ്റേഷനുകൾ , നഗര പ്രദേശങ്ങളിലും, മുഖ്യ പാതകളുടെ അരികിലും സ്ഥിതി ചെയ്യുന്ന എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രോണിക് സ്ക്രോളർ ബോർഡുകൾ സ്ഥാപിച്ച് മദ്യ/ലഹരി വിരുദ്ധ പ്രചരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. പ്രാദേശികമായി വിനോദ ഉപാധികളുടെ അപര്യാപ്തത പലപ്പോഴും യുവജനങ്ങളെ ലഹരി സംഗമങ്ങളിലേക്ക് നയിക്കുന്നതായി കണ്ടുവരുന്നതിനാൽ യുവജനങ്ങളെ ആകർഷിക്കുന്നതിനായി കലാ-കായിക വിനോദ പരിപാടികൾ പ്രാദേശിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. 25 ലക്ഷത്തോളം അന്യസംസ്ഥാനത്തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അന്യസംസ്ഥാനത്തൊഴിലാളികൾക്കിടയിൽ മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം വ്യാപകമായതിനാൽ അന്യസംസ്ഥാനത്തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ മദ്യലഹരിവിരുദ്ധ ബോധവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. സാക്ഷരതയിലും പ്രബുദ്ധതയിലും മുന്നിലുള്ള കേരളീയ സമൂഹത്തെ ഗ്രസിക്കുന്ന തീവ്രമായ സാമൂഹികവിപത്താണ് മദ്യാസക്തി. മദ്യം കൊണ്ട് ഭരണകൂടത്തിനുണ്ടാകുന്ന സാമ്പത്തികനേട്ടം അതുകൊണ്ട് സമൂഹത്തിനുണ്ടാകുന്ന ധാർമ്മിക നഷ്ടവുമായി തുലനം ചെയ്യുമ്പോൾ നിസ്സാരമാണെന്ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്. മദ്യാസക്തി കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിന് വിവിധ തലങ്ങളിൽ സർക്കാരിന് വൻതുക ചെലവാക്കേണ്ടതായി വരുന്നു. സാമൂഹ്യജീവിതത്തിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന തരത്തിൽ ഈ വിപത്ത് വളർന്ന് കഴിഞ്ഞിരിക്കുന്നതിനാലും ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നതിനാലും സംസ്ഥാനത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളും പ്രചരണങ്ങളും ശക്തമാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധ മാകേണ്ടതുണ്ടെന്നും സമിതി കരുതുന്നു. മദ്യത്തിന്റെ ഉപഭോഗവും വില്പനയും നിയന്ത്രിച്ച് മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യവും ധാർമ്മിക ബോധവുമുള്ള ഒരു സമൂഹം വളർന്നുവരുന്നതിനുമായി സമിതിയുടെ മേൽസൂചിപ്പിച്ച അഭിപ്രായങ്ങൾ പരിഗണിക്കുന്നതിനും ശിപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുൻഗണന നൽകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,<br>2014 ജൂൺ 30.

**കെ. എം. മാണി,**<br>*ചെയർമാൻ ,*<br>*സബ്ജക്ട് കമ്മിറ്റി VIII.*

അനുബന്ധം

# 22-10-2013-ലെ തെളിവെടുപ്പുയോഗത്തിൽ ഹാജരായവരുടെ പേരു വിവരം

1. ശ്രീ. എസ്. വിജയകുമാർ കുന്നുകുഴി,
ആൾ കേരള സിനിമ സീരിയൽ ആർട്ടിസ്റ്റ് ആന്റ് വർക്കേഴ്സ്
അസോസിയേഷന്, സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്,
വഞ്ചിയൂര്. (പി. ഒ.), തിരുവനന്തപുരം.

2. ശ്രീ. എസ്. എ. വഹാബ്,
എ.വി.എസ്.ഹൗസ്, നല്ലില. പി. ഒ.,
കൊല്ലം - 691 515.

3. ശ്രീ. കാട്ടാമ്പള്ളി നിഷ്കളന്,
'സവിധം', തുടയന്നൂര്. പി. ഒ., കടയ്ക്കൽ വഴി
കൊല്ലം - 691 536.

4. ശ്രീ. എസ്. ഗംഗാധരന്,
പ്രിയാഭവന്,
ഇഞ്ചവിള പി. ഒ.,
കൊല്ലം.

5. ശ്രീ. സുമേഷ് എം.,
സുമേഷ് ഭവന്,
ചടയമംഗലം,
കൊല്ലം.

6. ശ്രീ. ഡി. ശിശുപാലന്,
കേരള സ്റ്റേറ്റ് എംബ്രോയിഡറി വർക്കേഴ്സ് യൂണിയന്,
എച്ച്.ഒ.അശ്വനി നിവാസ്,
തിരുവനന്തപുരം - 695 128.